**<u>15 -ാം കേരള നിയമസഭ</u>**

**<u>11 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1351</u>** **<u>19-06-2024 - ൽ മറുപടിയ്ക്ക്</u>**

**<u>ബീച്ച് ടൂറിസം പദ്ധതികൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പ്രകൃതിരമണീയവും വിശാലവുമായ ബീച്ചുകളുടെ സാധ്യതകൾ വിനോദസഞ്ചാര വികസനത്തിനായി വേണ്ടവിധം പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോ; ഇത് സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; | (എ) | ബീച്ച് ടൂറിസത്തിന്റെ സാധ്യതകളെ ഏറ്റവും മികച്ച നിലയിൽ ഉപയോഗിക്കുവാൻ കഴിഞ്ഞ സംസ്ഥാനമാണ് കേരളം. വിവിധ ബീച്ചുകൾ കേന്ദ്രീകരിച്ച് വിദേശ- ആഭ്യന്തര ടൂറിസം ശക്തിപ്പെട്ടിട്ടുണ്ട്. കേരളത്തിലെ ബീച്ച് ടൂറിസം ഡെസ്റ്റിനേഷനുകൾ കേന്ദ്രീകരിച്ച് മാത്രം വിദേശ സഞ്ചാരികൾ എത്തുന്ന രീതി ഉണ്ട്. ബീച്ച് ടൂറിസം കേന്ദ്രങ്ങളിൽ ഹോസ്പിറ്റാലിറ്റി സംരംഭങ്ങളും സജീവമാണ്. ബീച്ച് ടൂറിസം സാധ്യത ഇനിയും ഉപയോഗിക്കുവാൻ കഴിയും എന്നാണ് ടൂറിസം വകുപ്പിന്റെ കാഴ്ചപ്പാട്. |
| (ബി) | ബീച്ച് ടൂറിസം പദ്ധതികൾ ശക്തിപ്പെടുത്തുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി സ്വീകരിച്ചുവരുന്ന നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ; | (ബി) | ബീച്ച് ടൂറിസം പദ്ധതി വ്യാപിപ്പിയ്ക്കുന്നതിന്റെ ഭാഗമായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നു. കോവളം ടൂറിസം ഡെസ്റ്റിനേഷനായി കിഫ്ബി വഴി പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. വർക്കലയ്ക്കായി പ്രത്യേക പദ്ധതികൾ തയ്യാറാക്കുന്നു. ബേക്കൽ ടൂറിസം ശക്തിപ്പെടുത്താനും പദ്ധതി നടപ്പിലാക്കുന്നു. മുഴപ്പിലങ്ങാട് ബീച്ച് ടൂറിസത്തിനായി പ്രത്യേക പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ചാലിയം, ബേപ്പൂർ ഡെസ്റ്റിനേഷനുകളിലും പദ്ധതി നടപ്പിലാക്കുന്നു. വടകര സാന്റ്ബാഗ് ടൂറിസം കേന്ദ്രവും വികസിപ്പിച്ചു. ശംഖുമുഖം, വേളി ടൂറിസം കേന്ദ്രങ്ങൾ ശക്തിപ്പെടുത്തി. കൊല്ലം തങ്കശ്ശേരി, ആലപ്പുഴ, മുനമ്പം, ചാവക്കാട് തുടങ്ങിയ ബീച്ചുകളിൽ ടൂറിസം ആക്ടിവിറ്റികൾക്കായി വ്യത്യസ്ത പദ്ധതികൾ നടപ്പിലാക്കി. സാഹസിക ടൂറിസം പദ്ധതികളും ബീച്ചുകൾ കേന്ദ്രീകരിച്ച് നടപ്പിലാക്കി. ഫ്ലോട്ടിംഗ് ബ്രിഡ്ജുകൾ പ്രധാന ബീച്ചുകൾ കേന്ദ്രീകരിച്ച് സജ്ജമാക്കി. |
| (സി) | ബീച്ചുകളോടനുബന്ധിച്ച് ഏതെല്ലാം പുതിയ പദ്ധതികളാണ് ആരംഭിച്ചിട്ടുള്ളതെന്ന് | (സി) | (ബി) പിരിവിന്റെ അതേ ഉത്തരം |

| | | | |
|---|---|---|---|
| | അറിയിക്കാമോ; | | |
| (ഡി) | ബീച്ച് ടൂറിസം വികസനത്തിന്റെ ഭാഗമായി എവിടെയല്ലാം സാഹസിക ടൂറിസം പദ്ധതികൾ ആരംഭിച്ചിട്ടുണ്ടെന്നും എവിടെയല്ലാം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കാമോ? | (ഡി) | ബീച്ച് ടൂറിസം വികസനത്തിന്റെ ഭാഗമായി കേരളത്തിലെ പ്രധാന ബീച്ച് ഡെസ്റ്റിനേഷനുകളായ കോവളം, വർക്കല, കാപ്പിൽ, മുനമ്പം, ചാവക്കാട്, കോഴിക്കോട് ബേക്കൽ ബീച്ചുകളിൽ, സ്വകാര്യ സംരംഭകരും ഡി.ടി.പി.സി. യും ചേർന്ന് അഡ്വഞ്ചർ ആക്ടിവിറ്റികൾ നടന്നുവരുന്നു. കൂടാതെ കേരളത്തിലെ ഏഴ് ജില്ലകളിൽ ഫ്ലോട്ടിംഗ് ബ്രിഡ്ജ് ഡി.ടി.പി.സി. യുടെ മേൽനോട്ടത്തിൽ നടത്തിവരുന്നു. ടൂറിസം വകുപ്പിന്റെ സഹായത്തോടെ കേരളത്തിലെ വിവിധ ബീച്ചുകളിൽ സ്വകാര്യ സംരംഭകരെ കൂടി ഉൾപ്പെടുത്തി കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി സാങ്കേതിക സാഹചര്യങ്ങൾ വിലയിരുത്തി സാഹസിക ആക്ടിവിറ്റികൾ (Scuba Diving, Para sailing, Speed Boat, Jet Skie, Power Boat Fun Rides, Wind Surfing) ചെയ്യാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ